കേരള സർക്കാർ

ആയുഷ് (ബി) വകുപ്പ്

# ആയുഷ് വകുപ്പ്—ഹോമിയോപ്പതി വകുപ്പിന്റെ 2019-20 വർഷത്തെ ഭരണ റിപ്പോർട്ട്

©
കേരള സർക്കാർ
2022

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം
ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2022.

# ആയുഷ് വകുപ്പ്—ഹോമിയോപ്പതി വകുപ്പിന്റെ 2019-20 വർഷത്തെ ഭരണ റിപ്പോർട്ട്

3/1430/2022/S-16.

**കേരള സർക്കാർ**

സംഗ്രഹം

ആയുഷ് വകുപ്പ്—ഹോമിയോപ്പതി—2019-2020 വർഷത്തെ ഭരണ റിപ്പോർട്ട് അവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആയുഷ് (ബി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 10/2022/AYUSH.** **തിരുവനന്തപുരം, 2022 ജൂൺ 7.**

---

പരാമർശം:—ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 3-10-2021-ലെ ഡി.എച്ച്.ടി.വി.എം./1753/2021/ജി.2 നമ്പർ കത്ത്.

ഉത്തരവ്

ഹോമിയോപ്പതി വകുപ്പിന്റെ 2019-2020 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് സർക്കാർ അവലോകനം ചെയ്ത് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജൻ നാംദേവ് ഖൊബ്രഗഡെ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

ഹോമിയോപ്പതി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇന്ദ്രപ്രസ്ഥ എസ്റ്റേറ്റ്, റിങ്റോഡ്, ന്യൂഡൽഹി.

പൊതുഭരണ (എ.ആർ.) വകുപ്പ്.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

# ഹോമിയോപ്പതി വകുപ്പ്

## ഭരണ റിപ്പോർട്ട് 2019-20

| | | |
|---|---|---|
| ഭരണ നിർവ്വണ വകുപ്പ് | : | ആയുഷ് വകുപ്പ് |
| മന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| സെക്രട്ടറി | : | ഡോ. ഷർമിള മേരി ജോസഫ് |
| ഡയറക്ടർ | : | ഡോ. കെ. ജമുന |

### ആമുഖം

വൈദ്യശാസ്ത്ര രംഗത്ത് ഇതര ചികിത്സാരീതികളിൽ ഏറെ ചെലവുകുറഞ്ഞതും, പാർശ്വഫലങ്ങൾ തീരെ ഇല്ലാത്തതും, വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ ആഗോളതലത്തിൽ പ്രചാരം നേടിക്കഴിഞ്ഞതുമാണ്. ഹോമിയോ ചികിത്സാസമ്പ്രദായം. പതിനെട്ടാം നൂറ്റാണ്ടിൽ ജർമ്മനിയിൽ ജീവിച്ചിരുന്ന ഡോ. സാമുവൽ ഹനിമാൻ ജന്മം നൽകിയ ഈ ചികിത്സാരീതി അടുത്ത നൂറ്റാണ്ടിൽ തന്നെ ഇന്ത്യയിലും കേരളത്തിലും പ്രചരിച്ചു തുടങ്ങി. നിലവിൽ ഈ ചികിത്സാരീതി കേരളത്തിൽ വളരെ പ്രബലമായി തന്നെ പ്രചാരം നേടിക്കഴിഞ്ഞു. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യത്തെ ഹോമിയോ ഡിസ്പെൻസറി തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് 1958 ഫെബ്രുവരി മാസത്തിൽ പ്രവർത്തനമാരംഭിച്ചുകൊണ്ട് തുടക്കം കുറിച്ചു. കേരളത്തിലെ ആദ്യത്തെ ഹോമിയോ ആശുപത്രി കുറിച്ചിയിൽ 1960-ൽ പ്രവർത്തനം ആരംഭിച്ചു. 10 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പല ഭാഗങ്ങളിലായി 24 ഡിസ്പെൻസറികളും ഒരു ആശുപത്രിയും പ്രവർത്തന നിരതമായി കഴിഞ്ഞു. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വന്ന ഹോമിയോപ്പതിക്ക് ഭരണ സൗകര്യത്തിനായി പ്രത്യേകമായി ഒരു അസിസ്റ്റന്റ് ഡയറക്ടറേറ്റ് 1968-ൽ രൂപീകൃതമായി, തുടർന്നുള്ള വളർച്ച ദ്രുതഗതിയിലായിരുന്നു. ഹോമിയോപ്പതി സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണ ത്തിനായി 1973 ഏപ്രിൽ 10-ന് ഹോമിയോപ്പതി വകുപ്പ് സർക്കാർ ഉത്തരവ് (എം.എസ്.) 101/73/ആ.കു.വ. തീയതി 21-4-1973 പ്രകാരം രൂപീകൃതമായി. ഭാരതത്തിൽ മറ്റു സംസ്ഥാനങ്ങളിലൊന്നും ഹോമിയോപ്പതിക്ക് പ്രത്യേക വകുപ്പ് ഇല്ലായിരുന്ന കാലത്താണ് ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ ഹോമിയോപ്പതിക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ചത്. ഹോമിയോപ്പതി വകുപ്പ്

നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് 64 ഡിസ്പൻസറികളും 4 ആശുപത്രികളും ഉണ്ടായിരുന്നു. ഇതിപ്പോൾ 14 ജില്ലാ മെഡിക്കലാഫീസുകളും 34 ആശുപത്രികളും 669 ഡിസ്പെൻസറികളും എന്ന നിലയ്ക്ക് വളർന്ന് കഴിഞ്ഞു. 14 ജില്ലാ ആശുപത്രികളും 17 താലൂക്ക് ആശുപത്രികളും 10 കിടക്കകളോടു കൂടിയ മലപ്പുറം വണ്ടൂർ ചേതന ക്യാൻസർ സെന്ററും, ആറളത്തും, മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തും 10 കിടക്കകളോട് കൂടിയ മറ്റ് രണ്ട് ആശുപത്രികളും ഉൾപ്പെടെ 34 ആശുപത്രികൾ നിലവിൽ ഈ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഈ ആശുപത്രികളിൽ 1000-ത്തോളം രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുണ്ട്. ഇതിനുപുറമെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം.) പദ്ധതി പ്രകാരം വിവിധ പഞ്ചായത്തുകളിൽ 410 ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം സെക്രട്ടറിയേറ്റിലും നിയമസഭാ സാമാജികരുടെ ക്വാർട്ടേഴ്സിലും ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ പാർട്ട് ടൈം ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. പട്ടികജാതി വകുപ്പിന്റെ പൂൾഡ് ഫണ്ടിന്റെ സഹായത്താൽ 29 പട്ടികജാതി കോളനികളിൽ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. ഹോമിയോ ഔഷധ നിർമ്മാണ രംഗത്തും കേരളത്തിലെ ഹോമിയോപ്പതി വകുപ്പ് മാർഗ്ഗദർശി ആയിരുന്നു. 1976-ൽ സഹകരണ മേഖലയിൽ പ്രവർത്തനമാരംഭിച്ച കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനം ഹോമിയോ മരുന്ന് ഉത്പാദന രംഗത്ത് ഇന്ത്യയിലെ ആദ്യ സംരംഭമാണ്. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ ഹോമിയോ സ്ഥാപനങ്ങൾക്കും മറ്റ് സംസ്ഥാനങ്ങൾക്കും കാലങ്ങളായി മരുന്നുകൾ വിതരണം ചെയ്യുന്നത് ആലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന ആ സ്ഥാപനമാണ്.

സംസ്ഥാനത്തെ 3 ഹോമിയോ ഡിപ്ലോമ കോളേജുകളാണ് ഹോമിയോപ്പതി വകുപ്പ് രൂപീകരിക്കുമ്പോൾ ഉണ്ടായിരുന്നത്. 1976-ൽ സർക്കാർതലത്തിൽ ഇന്ത്യയിൽ ആദ്യമായി ഡിഗ്രി കോളേജ് കോഴിക്കോട് പ്രവർത്തനമാരംഭിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്ത് ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളെ പിന്തള്ളി കേരളം ഒരു ചുവട് മുന്നോട്ടുവെച്ചു. തുടർന്ന് 1983-ൽ തിരുവനന്തപുരത്ത് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ മറ്റൊരു ഡിഗ്രി കോളേജും സർക്കാർ മേഖലയിൽ പ്രവർത്തനമാരംഭിച്ചു. നിലവിൽ ബിരുദാനന്തര ബിരുദ കോഴ്സുകളും ഫാർമസിസ്റ്റ്/നേഴ്സ് എന്നീ തസ്തികകൾക്കുള്ള നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സുകളും നടത്തിവരുന്നു.

വിവിധ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വകുപ്പിന്റെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എല്ലാ ദിവസവും ഉത്സവ സമയത്ത് തുറന്ന് പ്രവർത്തിക്കുന്നു. ശബരിമല ഉത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും, സന്നിധാനത്തും പമ്പയിലും മാത്രം നടത്തിവന്ന താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ ഇന്നിപ്പോൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 18 സ്ഥലങ്ങളിൽ പ്രവർത്തനം നടത്തുന്നുണ്ട്.

സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചില പ്രത്യേക രോഗങ്ങളുടെ ചികിത്സയ്ക്കായി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ (ജീവിതശൈലി രോഗങ്ങൾ, റുമാറ്റിക് എൻഡോക്രയിൻ ഡിസ്ഓർഡർ, ആസ്തമ, അലർജി തുടങ്ങിയവ) പ്രവർത്തിച്ചുവരുന്നുണ്ട്. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ചേതന എന്ന പേരിൽ പെയിൻ & പാലിയേറ്റീവ് കെയർ എന്ന 10 കിടക്കകളോടുകൂടിയ ആശുപത്രി പ്രവർത്തിച്ചുവരുന്നു. ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥി കളുടെ ബൗദ്ധികവും മാനസികവുമായ ആരോഗ്യ പരിപാലനത്തിനായി 'ജ്യോതിർഗമയ' എന്ന പേരിൽ 2003-04 വർഷത്തിൽ ആരംഭം കുറിച്ച പദ്ധതി ഇന്ന് എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. സ്ത്രീകളുടെ സാമൂഹികവും മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതിയായ 'സീതാലയം' നടപ്പിലാക്കി കഴിഞ്ഞു. 'സീതാലയം' പദ്ധതിയുടെ കീഴിൽ കുഞ്ഞുങ്ങൾ ഇല്ലാതെ ദുഃഖമനുഭവിക്കുന്ന ദമ്പതികൾക്കായി "ഇൻഫെർട്ടിലിറ്റി ക്ലിനിക്", മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമപ്പെട്ട വർക്കുള്ള "ഡീ അഡിക്ഷൻ ക്ലിനിക്" എന്നിവ വളരെ ഫലപ്രദമായി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുന്ന അവസരങ്ങളിൽ അതിനെ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഹോമിയോ ചികിത്സാ സമ്പ്രദായത്തിന് സാധിക്കുമെന്നത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിനായി 2004-ൽ സാംക്രമിക രോഗ നിയന്ത്രണ സംവിധാനം (RAECH) എന്ന പദ്ധതി വളരെ വിജയകരമായി പ്രവർത്തിച്ചുവരുന്നത് സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുന്നതിന് പ്രതിരോധ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് പ്രതിരോധ മരുന്ന് വിതരണം ചെയ്യുകയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ആയതിന്റെ ഫലമായി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് ഒരു പരിധിവരെ തടയാൻ കഴിഞ്ഞു എന്നത് ഹോമിയോപ്പതി ചികിത്സാ രീതിയുടെ അഭിമാനകരമായ നേട്ടമാണ്.


## അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ

| സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് | ജില്ലാ മെഡിക്കൽ ഓഫീസ് | ആശുപത്രികൾ | | ഡിസ്പെൻസറികൾ |
|---|---|---|---|---|
| | | എണ്ണം | കിടക്കകൾ | |
| തിരുവനന്തപുരം | 1 | 4 | 185 | 67 |
| കൊല്ലം | 1 | 3 | 75 | 48 |
| പത്തനംതിട്ട | 1 | 1 | 25 | 35 |
| ആലപ്പുഴ | 1 | 3 | 75 | 52 |
| കോട്ടയം | 1 | 3 | 175 | 54 |
| ഇടുക്കി | 1 | 2 | 50 | 38 |
| എറണാകുളം | 1 | 3 | 85 | 63 |
| തൃശ്ശൂർ | 1 | 1 | 25 | 53 |
| പാലക്കാട് | 1 | 1 | 25 | 52 |
| മലപ്പുറം | 1 | 4 | 70 | 56 |
| കോഴിക്കോട് | 1 | 3 | 75 | 55 |
| വയനാട് | 1 | 1 | 25 | 20 |
| കണ്ണൂർ | 1 | 2 | 35 | 49 |
| കാസർഗോഡ് | 1 | 3 | 75 | 27 |
| ആകെ | 14 | 34 | 1000 | 669 |

## അനുവദിച്ച തസ്തികകൾ

2019-20 വർഷത്തിൽ പുതിയ തസ്തികകൾ ഒന്നും അനുദിച്ചിട്ടില്ല.

## ഓർഗനൈസേഷൻ ചാർട്ട്




## സ്ഥാപനങ്ങൾ

1973-ൽ വകുപ്പ് രൂപീകൃതമാകുമ്പോൾ ഉണ്ടായിരുന്ന 4 ആശുപത്രികളുടെയും 64 ഡിസ്പെൻസറികളുടെയും സ്ഥാനത്ത് ഇപ്പോൾ (2019-20 വർഷം) ഈ വകുപ്പിന്റെ പ്രവർത്തന പരിധിയിലുള്ള സ്ഥാപനങ്ങളുടെ സ്ഥിതിവിവരം താഴെപ്പറയും പ്രകാരമാണ്:

| | | | |
|---|---|---|---|
| 1. | ഡയറക്ടറേറ്റ് | .. | 1 |
| 2. | ജില്ലാ ഓഫീസുകൾ | .. | 14 |
| 3. | ജില്ലാ ആശുപത്രികൾ | .. | 14 |
| 4. | താലൂക്ക് ആശുപത്രികൾ | .. | 17 |
| 5. | ഡിസ്പെൻസറികൾ | .. | 669 |
| 6. | എൻ.എച്ച്.എം. പദ്ധതി പ്രകാരമുള്ള ഡിസ്പെൻസറികൾ | .. | 409 |
| 7. | സെൻട്രൽ സ്റ്റോർ | .. | 1 |
| 8. | ജില്ലാ മെഡിക്കൽ സ്റ്റോർ | .. | 13 |
| 9. | ക്യാൻസർ സെന്റർ (ആശുപത്രി) | .. | 1 |

## തസ്തികകളുടെ വിന്യാസം

| *അഡ്മിനിസ്ട്രേഷൻ* | | *മെഡിക്കൽ* | |
|---|---|---|---|
| ഹോമിയോപ്പതി ഡയറക്ടർ | 1 | ആശുപത്രി സൂപ്രണ്ട് | 30 |
| ഡെപ്യൂട്ടി ഡയറക്ടർ | 1 | ചീഫ് മെഡിക്കൽ ഓഫീസർ | 127 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | മെഡിക്കൽ ഓഫീസർ | 586 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | റസിഡന്റ് മെഡിക്കൽ ഓഫീസർ | 32 |
| ജില്ലാ മെഡിക്കൽ ഓഫീസർ | 14 | | |
| സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി | 17 | | |
| *മിനിസ്റ്റീരിയൽ* | | *പാരാമെഡിക്കൽ* | |
| ജൂനിയർ സൂപ്രണ്ട് | 2 | നേഴ്സിംഗ് സൂപ്രണ്ട് | 2 |
| ഹെഡ് ക്ലാർക്ക് | 1 | നേഴ്സ് | 103 |
| ക്ലാർക്ക് | 74 | ഫാർമസിസ്റ്റ് | 604 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | 8 | ലാബ് ടെക്നീഷ്യൻ | 14 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | അറ്റൻഡർ/ഡിസ്പെൻസർ/ നേഴ്സിംഗ് അസിസ്റ്റന്റ് / ലാബ് അറ്റൻഡർ | 759 |
| ടൈപ്പിസ്റ്റ് | 16 | ലാബ് അറ്റൻഡർ—ക്ലാസ് 4 | 463 |
| ഡ്രൈവർ | 6 | എസ്.സി.പി./വാച്ചർ കം- പ്യൂൺ/പി.റ്റി.എസ്. | 613 |
| ഓഫീസ് അറ്റൻഡന്റ് | 100 | നൈറ്റ് വാച്ചർ | 3 |

## I. ഹോമിയോപ്പതി വകുപ്പിനുകീഴിൽ നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാന ആതുര സേവന പ്രവർത്തനങ്ങൾ:

### 1. ഹോമിയോ ഡിസ്പെൻസറികൾ/ആശുപത്രികളിലൂടെയുള്ള ആതുര സേവനം

പാർശ്വഫലങ്ങളില്ലാത്തതും താരതമ്യേന ചെലവ് കുറഞ്ഞതുമായ ഹോമിയോപ്പതി ചികിത്സാരീതിയിലൂടെ ജനങ്ങളുടെ ആരോഗ്യ പരിപാലനം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്ന ഈ വകുപ്പിന്റെ കീഴിൽ 34 ആശുപത്രികൾ, 669 ഡിസ്പെൻസറികൾ, 409 എൻ.എച്ച്.എം. ഡിസ്പെൻസറികൾ, പട്ടികജാതി കോളനികളിൽ 29 എസ്.സി.പി. ഡിസ്പെൻസറികൾ എന്നിവയിലൂടെ ജനങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്നു. മേൽപ്പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾ വഴി 2019-20 വർഷത്തിൽ ചികിത്സിക്കപ്പെട്ട രോഗികളുടെ വിവരം ചുവടെ ചേർക്കുന്നു:

ഐ. പി. .. 45748

ഒ.പി. .. 42728944

### 2. ക്യാൻസർ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (പെയ്ൻ & പാലിയേറ്റീവ് കെയർ സെന്ററുകൾ)

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ക്യാൻസർ ചികിത്സയ്ക്കും സാന്ത്വന പരിചരണത്തിനും മറ്റുമായി ചേതന എന്ന പേരിൽ 10 കിടക്കകളോടു കൂടിയ ഒരു ക്യാൻസർ പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ ഒട്ടനവധി ക്യാൻസർ രോഗികൾക്ക് സാന്ത്വനവും പരിചരണവും സൗഖ്യവും നൽകി വരുന്നു. അഭൂതപൂർവ്വമായി വർദ്ധിച്ചുവരുന്ന ക്യാൻസർ എന്ന വിപത്തിനെ പ്രതിരോധിക്കുന്നതിനും സാന്ത്വന ചികിത്സയ്ക്കുമായി സംസ്ഥാനത്തെ മറ്റെല്ലാ ജില്ലാ ആശുപത്രികളിലും പ്രത്യേകമായി സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഈ സെന്ററുകളിലൂടെ ക്യാൻസർ സാന്ത്വന പരിചരണവും ചികിത്സയും നൽകിവരുന്നു.

### 3. ആധുനിക ജീവിതശൈലി രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് ചികിത്സാ കേന്ദ്രങ്ങൾ (ആയുഷ്മാൻ ഭവഃ)

ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തോടൊപ്പം യോഗ, പ്രകൃതി ജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചു കൊണ്ട് ആധുനിക ജീവിതശൈലി രോഗങ്ങളായ ക്യാൻസർ, പ്രമേഹം,

രക്തസമ്മർദ്ദം, കൊളസ്ട്രോൾ, പക്ഷാഘാതം, ഗർഭാശയ രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള ചികിത്സയും ആതുരസേവനവും പൊതുജനങ്ങൾക്ക് ഈ ആയുഷ്മാൻ ഭവഃ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു.

4. വനിതാ ആരോഗ്യ സുരക്ഷാ-സാന്ത്വന പദ്ധതി (സീതാലയം)

സമൂഹത്തിൽ യാതന അനുഭവിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷ, സമത്വം, ആരോഗ്യപരിപാലനം, മനോശാന്തി എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് സ്ത്രീകൾക്ക് മാത്രമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സ്ത്രീ സാന്ത്വന പദ്ധതിയാണ്—'സീതാലയം'. ഈ പദ്ധതിയിലൂടെ അവരുടെ ആരോഗ്യ പരിപാലനത്തോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നു. മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് മനോരോഗ വിദഗ്ദർ കൗൺസിലിങ്ങ് നൽകുന്നു. സീതാലയം സെന്ററുകളോടനുബന്ധിച്ച് അനപത്യതാ ദുഃഖം പേറുന്ന ദമ്പതിമാർക്ക് കുട്ടികളുണ്ടാകാനുള്ള ചികിത്സ നൽകുന്ന മദർ & ചൈൽഡ് കെയർ സെന്ററുകളും, മദ്യപാനം/പുകവലി/ലഹരി ആസക്തികൾക്ക് വിധേയരായവരെ ചികിത്സിച്ച് ഭേദമാക്കുന്ന ലഹരി വിമോചന ക്ലിനിക്കുകളും (ഡി-അഡിക്ഷൻ സെന്ററുകൾ) പ്രവർത്തിച്ചുവരുന്നു. 'സീതലായം' പദ്ധതിയുടെ സേവനം എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്.

5. വയോജന പരിപാലന കേന്ദ്രങ്ങൾ

വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനും, വാർദ്ധക്യകാല രോഗപരിചരണങ്ങൾക്കും, ചികിത്സയ്ക്കുമായി ഫിസിയോതെറാപ്പി യൂണിറ്റോടുകൂടിയ സുസജ്ജമായ ജെറിയാട്രിക് കെയർ സെന്ററുകൾ, എല്ലാ ജില്ലാ ആശുപത്രികളോടനുബന്ധിച്ചും പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് വേണ്ട എല്ലാവിധ ആതുരസേവനങ്ങളും സാന്ത്വന പരിചരണവും, ചികിത്സയും സൗജന്യമായി നൽകിവരുന്നു.

6. കൗമാര ആരോഗ്യ പരിചരണ/പെരുമാറ്റ വൈകല്യ പരിഹാര പദ്ധതി (സദ്ഗമയ)

കൗമാര പ്രായത്തിലുള്ള കുട്ടികളുടെ പഠന-വ്യക്തിത്വ വൈകല്യങ്ങൾ പരിഹരിക്കുന്നതിനും കൗമാര (മാനസിക-ശാരീരിക-ആരോഗ്യ) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള 'സദ്ഗമയ' പദ്ധതി സംസ്ഥാനതലത്തിൽ സർക്കാർ ഹോമിയോ ആശുപത്രികൾ/ഡിസ്പെൻസറികൾ വഴി നടത്തിവരുന്നു. സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിപാലനത്തോടൊപ്പം വ്യക്തിത്വ അപഭ്രംശങ്ങളും പരിഹരിക്കുന്നതിനായി കൗൺസലിംഗ് അടക്കമുള്ള ചികിത്സാ സേവനങ്ങൾ ഈ സ്ഥാപനങ്ങളിലൂടെ നൽകിവരുന്നു.

7. വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ (ജനനി)

സന്താന സൗഭാഗ്യമില്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ കുട്ടികളുണ്ടാകാൻ സഹായിക്കുന്ന കേന്ദ്രങ്ങളാണ് തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രധാന മായും പ്രവർത്തിച്ചുവരുന്ന വന്ധ്യതാനിവാരണ കേന്ദ്രങ്ങൾ (ഇൻഫെർട്ടിലിറ്റി സെന്ററുകൾ). ഹോമിയോപ്പതി ആശുപത്രി/ഡിസ്പെൻസറികളിലൂടെ പൊതുവിൽ ഇതിനുള്ള ചികിത്സ നൽകിവരുന്നുവെങ്കിലും വന്ധ്യതാ നിവാരണത്തിന് മാത്രമായി പ്രത്യേകം പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലെ ചികിത്സയിലൂടെ അനപത്യതാ ദുഃഖം അനുഭവിച്ചു വന്നിരുന്ന ഒട്ടനവധി ദമ്പതിമാർക്ക് പ്രയോജനം ലഭിച്ചത് ഈ പദ്ധതിയുടെ വിജയത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. കണ്ണൂർ ആസ്ഥാനമായുള്ള ഇൻഫർട്ടിലിറ്റി സെന്ററിനെ മികവിന്റെ കേന്ദ്രമായി (സെന്റർ ഓഫ് എക്സലൻസ്) ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു.

8. സാംക്രമിക രോഗ നിയന്ത്രണ പദ്ധതി

കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ്മെന്റ് പ്രോഗ്രാം (സാംക്രമിക രോഗ നിയന്ത്രണ പദ്ധതി) പ്രകാരം സാംക്രമിക രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജില്ലകൾ തോറും പകർച്ചവ്യാധി മേഖലകളിൽ മെഡിക്കൽ ക്യാമ്പുകളും, സെമിനാറുകളും, ആരോഗ്യ-ബോധവൽക്കരണ ക്യാമ്പുകളും നടത്തിവരുന്നു. പ്രീ-മൺസൂൺ വേളയിലും വേനൽക്കാല പൂർവ്വഘട്ടത്തിലും സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു. സാംക്രമിക രോഗം വ്യാപകമാകുന്ന മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ-ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. മെഡിക്കൽ ക്യാമ്പുകളിലൂടെയും, സന്നദ്ധ സംഘടനകൾ മുഖേനയും, റസിഡന്റ്സ് അസോസിയേഷൻ മുഖേനയും ഹോമിയോപ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു.

9. ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ

ആധുനിക ജീവിത ശൈലിയും ഭൂപ്രദേശങ്ങളുടെ സവിശേഷ പ്രത്യേകതകൾമൂലവും ചില പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന പ്രത്യേക രോഗങ്ങൾക്കായുള്ള സ്പെഷ്യാലിറ്റി കെയർ സെന്ററുകളിലൂടെ പ്രത്യേക പരിചരണവും ചികിത്സയും നൽകിവരുന്നു.

ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ അന്തഃസ്രാവി ഗ്രന്ഥി വൈകല്യം മൂലമുള്ള തൈറോയ്ഡ് തുടങ്ങിയ എൻഡോക്രൈൻ ഡിസോഡറുകൾ പരിഹരിക്കുന്ന സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ, തിരുവനന്തപുരം, ആറ്റിങ്ങൽ, മലപ്പുറം ഹോമിയോ ആശുപത്രികളിൽ ആസ്ത്മ, അലർജി ക്ലിനിക്കുകൾ, ഇടുക്കി, മലപ്പുറം ഹോമിയോ ആശുപത്രികളിൽ വാതരോഗ സ്പെഷ്യാലിറ്റി ക്ലിനിക് തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ പലവിധ രോഗങ്ങൾക്കുമുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ജില്ല ഹോമിയോ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

10. മോബൈൽ ഹോമിയോ ക്ലിനിക്കുകൾ

ഇടുക്കി, വയനാട് ജില്ലകളിലെ ദുർഘട മേഖലകളിൽ പാർക്കുന്നവരുടെ ആരോഗ്യ പരിപാലത്തിനായി ഹോമിയോപ്പതിയുടെ സേവനം ലഭ്യമാക്കുന്നതിന് സ്പെഷ്യാലിറ്റി മൊബൈൽ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

11. ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ

ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ചമ്പക്കുളം, ഹരിപ്പാട് തീരദേശവാസികളായ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി 3 ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

12. താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ

സംസ്ഥാനത്തെ പ്രമുഖ തീർത്ഥാടനകേന്ദ്രങ്ങളിലെ ഉത്സവ ആഘോഷ വേളകളിൽ അവിടെ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി താൽക്കാലിക ഡിസ്പെൻസറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ ശബരിമല ഒഴികെ (പമ്പ, സന്നിധാനം) മറ്റൊരിടത്തും താൽക്കാലിക ഡിസ്പെൻസറികൾ പ്രവർത്തിച്ചിരുന്നില്ല.

13. ജയിലുകൾ/അനാഥമന്ദിരങ്ങൾ/വൃദ്ധമന്ദിരങ്ങൾ/അംഗൻവാടികൾ എന്നിവിടങ്ങളിലെ ഹോമിയോപ്പതി ആതുര സേവനം

തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിൽ, അനാഥമന്ദിരങ്ങൾ, വയോജന മന്ദിരങ്ങൾ, അംഗൻവാടികൾ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ഹോമിയോപ്പതി വകുപ്പിലെ സേവന സന്നദ്ധരായ ഡോക്ടർമാർ സൗജന്യ ചികിത്സ നൽകിവരുന്നു.

### 14. പട്ടികജാതി സങ്കേതങ്ങളിലെ ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ

കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 29 പട്ടികജാതി കോളനികളിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി സ്പെഷ്യൽ കംപോണന്റ് പ്ലാൻ പ്രകാരം പട്ടികജാതി വകുപ്പിന്റെ ധനസഹായത്താൽ ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ കോളനികളിൽ താമസിക്കുന്ന ഭൂരിഭാഗം വരുന്ന പട്ടികജാതിക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ഈ കേന്ദ്രങ്ങളിലൂടെ പരിഹാരങ്ങളും ആവശ്യമായ മറ്റ് ആതുര സേവനങ്ങളും നൽകിവരുന്നു.

### 15. പെരിഫറൽ ഒ.പി. സെന്ററുകൾ

ഹോമിയോപ്പതി വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ആതുരാലയങ്ങൾക്ക് പുറമേ പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സാമൂഹ്യ/സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും അപേക്ഷയും, അഭ്യർത്ഥനകളും കണക്കിലെടുത്ത് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നിലവിൽ 40 പെരിഫറൽ ഒ.പി. സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിലൂടെ തദ്ദേശീയരായ പൊതുജനങ്ങൾക്ക് ഹോമിയോപ്പതിയുടെ സേവനവും ചികിത്സയും നൽകിവരുന്നു.

## II. മരുന്ന് ഉൽപാദനം

ഹോമിയോ മരുന്ന് ഉത്പാദനത്തിനായി ആലപ്പുഴയിൽ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) 1978-ൽ പ്രവർത്തനമാരംഭിച്ചു. ഇത് ഇന്ത്യയിൽ സഹകരണ മേഖലയിലുള്ള ആദ്യ സംരംഭമാണ്. ഇന്നിപ്പോൾ കേരളത്തിനുപുറമെ നിരവധി സംസ്ഥാന സർക്കാരുകൾക്ക് ഹോംകോ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ഹോമിയോപ്പതി ഡയറക്ടർ ചെയർപേഴ്സൺ ആയ ഭരണസമിതിയാണ് ഈ സ്ഥാപനത്തിന്റെ ഭരണം നിർവ്വഹിക്കുന്നത്.

## III. നികുതി/നികുതിയേതര വരുമാനം (ടാക്സ്/നോൺ ടാക്സ് റവന്യൂ)

സ്ഥാപനങ്ങളിൽ ഉപയോഗരഹിതമായി മാറുന്ന മരുന്നുകൾ സൂക്ഷിക്കുന്ന കുപ്പികൾ, പ്ലാസ്റ്റിക് ബോട്ടിൽ തുടങ്ങിയവ ലേലം ചെയ്ത് വിൽക്കുന്നതു വഴി ലഭിക്കുന്ന വരുമാനമാണ് വകുപ്പിന്റെ നികുതിയേതര വരുമാനം. 2019-20 വർഷത്തിൽ ഈ ഇനത്തിൽ വരുമാനം ഇല്ല. ടാക്സ്/റവന്യൂ വരുമാനവും ഇല്ല.

## IV. പരിശീലന പരിപാടികൾ

2019-20-ൽ ഹോമിയോപ്പതി വകുപ്പ് നടത്തുന്ന തുടർവിദ്യാഭ്യാസ പരിപാടിക്ക് പുറമെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) നടത്തുന്ന വിവിധ പരിശീലനപരിപാടികളുടെ ഭാഗമായി ഓൺലൈൻ/ഓഫ്ലൈൻ ആയി നടത്തിയ 23 പരിശീലന പരിപാടികളിൽ 502 പേർ വകുപ്പിൽനിന്നും പങ്കെടുത്തിട്ടുണ്ട്.

## V. 2019-20 വർഷത്തിൽ വകുപ്പിന് ലഭ്യമായ ഫണ്ടും ആയതിന്റെ ചെലവും ചുവടെ ചേർക്കുന്നു:

| | *ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ)* | *ചെലവ് (രൂപ) (തുക ലക്ഷത്തിൽ)* | *ബാക്കി (രൂപ) (തുക ലക്ഷത്തിൽ)* |
|---|---|---|---|
| നോൺ പ്ലാൻ | 15971.86 | 14932.66 | 1039.2 |
| പ്ലാൻ | 2660 | 1733.305 | 926.695 |

## VI. വിവരാവകാശ നിയമം നടപ്പാക്കൽ

2005-ലെ വിവരാവകാശ നിയമം കൃത്യമായി പാലിച്ചുവരുന്നു. വിവരം നൽകാത്തതിന്റെ പേരിൽ വകുപ്പിൽ ഒരു ഉദ്യോഗസ്ഥനും ശിക്ഷിക്കപ്പെട്ടിട്ടില്ല. ഡിസ്പെൻസറി മുതൽ ഡയറക്ടർ ഓഫീസ് വരെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് അതോറിറ്റി എന്നിവരെ നിശ്ചയിച്ച് പരസ്യപ്പെടുത്തിയിട്ടുണ്ട്. ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസറും ആശുപത്രികളിൽ ആശുപത്രി സൂപ്രണ്ടും ജില്ലാ മെഡിക്കൽ ഓഫീസുകളിൽ സീനിയർ സൂപ്രണ്ടും ആണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ. ഡയറക്ടർ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. ജില്ലകളിലെ എല്ലാ സ്ഥാപനങ്ങളുടേയും അപ്പലേറ്റ് അതോറിറ്റി ജില്ലയിലെ ജില്ലാ മെഡിക്കൽ ഓഫീസർമാരും ഡയറക്ടർ ഓഫീസിന്റെ കാര്യത്തിൽ ഹോമിയോപ്പതി ഡയറക്ടറുമാണ്.

ഡയറക്ടർ ഓഫീസിൽ 2019-20 വർഷത്തിൽ 140 അപേക്ഷകൾ ലഭിക്കുകയും അതിനെല്ലാം യഥാസമയം വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## VII. സേവനാവകാശം

2012-ലെ സേവനാവകാശ നിയമപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ഈ വകുപ്പിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച് വിവരം 2015 ഡിസംബറിൽ വിജ്ഞാപനം ചെയ്യുകയും ഇതു സംബന്ധിച്ച ബോർഡ്, വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുകയും ചെയ്തു. ഈ വർഷത്തിൽ സേവനാവകാശം നിയമ പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടില്ല.

## VIII. ആഭ്യന്തര പരിശോധന

ആഭ്യന്തര പരിശോധനയ്ക്കായി വകുപ്പ് തലത്തിൽ ഒരു ടീം മാത്രമാണുള്ളത്. 2019-20 വർഷം 51 സ്ഥാപനങ്ങളിൽ ആഭ്യന്തര പരിശോധന നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തതമൂലം എൻ.എൽ.സി. ആഡിറ്റിനോടൊപ്പം ആഭ്യന്തര പരിശോധനയും നടത്തിവരുന്നു. ഈ കാരണത്താൽ എല്ലാ സ്ഥാപനങ്ങളിലും ഓഡിറ്റ് നടത്തുവാൻ കഴിഞ്ഞിട്ടില്ല.

## IX. അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്

അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വിഭാഗം 2019-20 വർഷത്തിൽ 7 ജില്ലാ ഓഫീസുകളിൽ ഓഡിറ്റ് നടത്തി നൽകിയ 7 റിപ്പോർട്ടുകളിലായി 73 പാരാകൾ ഉണ്ട്. അതിൽ 4 പാരാകൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കി ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എ.ജി.-യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും പരാമർശങ്ങൾ തീർപ്പാക്കിയതായി മറുപടി ഒന്നും ഇതുവരെ ലഭ്യമായിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങളിൽ 79 പരാമർശങ്ങൾ തീർപ്പാക്കിയിട്ടുണ്ട്.

## X. ഭരണഭാഷ

ഹോമിയോപ്പതി വകുപ്പിൽ 1992 ജനുവരി മുതൽ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കിയിട്ടുണ്ട്. ഔദ്യോഗികഭാഷയായി മലയാളം ഉപയോഗിക്കുന്നതിൽ ഹോമിയോപ്പതി വകുപ്പ് കാര്യമായ പുരോഗതി നേടിയിട്ടുണ്ട്. റിപ്പോർട്ട് വർഷം 100% ഫയലുകളും മലയാളത്തിൽ തന്നെ കൈകാര്യം ചെയ്തിട്ടുണ്ട്. ഡയറക്ടറേറ്റിൽ രൂപീകരിച്ച ഭാഷാ ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

## X. ഹോമിയോപ്പതി ഡയറക്ടറേറ്റ് കെട്ടിട നിർമ്മാണം

17.5 കോടി രൂപ വിനിയോഗിച്ചുകൊണ്ട് തിരുവനന്തപുരം ഐരാണിമുട്ടത്ത് ഹോമിയോപ്പതി ഡയറക്ടറേറ്റിന്റെ പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. ഹോമിയോപ്പതി ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ബഹു. ആരോഗ്യ കുടുംബക്ഷേമ-ആയുഷ്-വനിതാ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി ഷൈലജ ടീച്ചർ 14-9-2017-ന് നിർവ്വഹിച്ചു. ഫേസ് 1-ൽ ഉൾപ്പെട്ട ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ എന്നിവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.